ഉത്തരം

(എ) മേപ്പയൂർ നിയോജകമണ്ഡലത്തിൽ ചെറുവണ്ണൂർ പഞ്ചായത്തിലെ 2-ാം വാർഡ്, പുറമേരി പഞ്ചായത്തിലെ 4-ാം വാർഡ്, മേപ്പയൂർ പഞ്ചായത്തിലെ 3-ാം വാർഡ്, ചെറുവണ്ണൂർ പഞ്ചായത്തിലെ മുയിപ്പോത്ത് തെക്കുംമുറി കോളനി, ചെറുവണ്ണൂർ പഞ്ചായത്തിലെ പുളക്കൂൽതയത്തേത്ത്കുന്ന്, കുറ്റ്യാടി, പുറമേരി പഞ്ചായത്തിലെ കോമാളുള്ളപറമ്പത്ത്, തിരുവള്ളൂർ പഞ്ചായത്തിലെ പൊന്നാരൻകുന്നി, മണിയൂർ പഞ്ചായത്തിലെ മുളയേരി എന്നീ ശുദ്ധജല വിതരണ പദ്ധതികൾ പൂർത്തിയാക്കേണ്ടതായിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ഉണ്ട്. മണിയൂർ പഞ്ചായത്തിലെ ഉമ്പോളിക്കുന്ന്, കരുവഞ്ചേരി കോളനിയിലേക്കുള്ള ശുദ്ധജലവിതരണ പദ്ധതി, ചെറുവണ്ണൂർ പഞ്ചായത്തിലെ ആവളകുട്ടോത്തിലെ ജി.എം.എൽ.പി. സ്കൂൾ ശുദ്ധജലവിതരണ പദ്ധതി എന്നിവയും ചെറുവണ്ണൂർ, മേപ്പയൂർ എന്നീ വില്ലേജുകൾ ഉൾപ്പെടുത്തി ഒരു പദ്ധതിയും പരിഗണനയിലുണ്ട്.. കൂടാതെ വേളോം പഞ്ചായത്തിൽ ജലനിധി പദ്ധതി അഞ്ചാം ഘട്ടത്തിൽ ഉൾപ്പെടുത്തി നടപ്പാക്കാനും തീരുമാനിച്ചിട്ടുണ്ട്.

ജെ.ബി.ഐ.സി.-യുമായി സഹകരിച്ചുകൊണ്ട് സംസ്ഥാന ഗവൺമെന്റ് ആവിഷ്ക്കരിച്ചിരിക്കുന്ന വിവിധ ശുദ്ധജലവിതരണ പദ്ധതികൾ

84 [247] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജെ.ബി.ഐ.സി.-യുമായി സഹകരിച്ചുകൊണ്ട് സംസ്ഥാന ഗവൺമെന്റ് ആവിഷ്ക്കരിച്ചിരിക്കുന്ന വിവിധ ശുദ്ധജലവിതരണ പദ്ധതികൾ ഏത് ഘട്ടത്തിലാണെന്ന് വിശദീകരിക്കുമോ;

(ബി) ഈ പ്രോജക്ടുകളുടെ നിർവ്വഹണ ചുമതല ഏത് ഏജൻസിക്കാണെന്നും ചുമതലക്കാർ ആരാണെന്നും അറിയിക്കാമോ;

(സി) ഇതുപ്രകാരമുള്ള തിരുവനന്തപുരം ശുദ്ധജലവിതരണ പദ്ധതിയുടെ ഇതേവരെയുള്ള പ്രവർത്തനപുരോഗതി വിലയിരുത്തലിന് വിധേയമാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ഡി) ജെ.ബി.ഐ.സി.-യുടെ സഹകരണത്തോടെയുള്ള പദ്ധതി പ്രവർത്തനം സമയബന്ധിതമായി പൂർത്തിയാക്കാൻ കാര്യക്ഷമമായ സംവിധാനം ഉറപ്പാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ടോപ്പോഗ്രാഫിക്കൽ സർവ്വെ, ജിയോടെക്നിക്കൽ സർവ്വെ, ഡിസ്ട്രിബ്യൂഷൻ സർവ്വെ, ട്രീറ്റബലിറ്റി സ്റ്റഡീസ്, വിവിധ ഘടകങ്ങളുടെ ഡിസൈൻ തയ്യാറാക്കുന്ന ജോലികൾ എന്നീ പ്രവർത്തനങ്ങൾ നടന്നുവരുന്നു. പദ്ധതികളുടെ പണികൾ വിവിധ കോൺട്രാക്ട് പാക്കേജുകളായി തിരിച്ചാണ് നടപ്പിലാക്കുന്നത്. ഇതിനുവേണ്ടിയുള്ള പ്രീ-ക്വാളിഫിക്കേഷൻ നോട്ടിഫിക്കേഷൻ നൽകിയിട്ടുണ്ട്.

(ബി) നിർവ്വഹണ ചുമതല കേരള വാട്ടർ അതോറിറ്റിക്കാണ്.

(സി) പദ്ധതിയുടെ ഇതേവരെയുള്ള പ്രവർത്തനപുരോഗതി കേരള വാട്ടർ അതോറിറ്റി തലത്തിലും സർക്കാർ തലത്തിലും അവലോകനം ചെയ്ത് വിലയിരുത്തി പദ്ധതി നടത്തിപ്പിൽ അനുഭവപ്പെടുന്ന പ്രയാസങ്ങളും തടസ്സങ്ങളും പരിഹരിക്കാനാവശ്യമായ നടപടികൾ എടുക്കുന്നുണ്ട്. പദ്ധതിയുടെ പുരോഗതി പ്രതിപാദിക്കുന്ന ത്രൈമാസ റിപ്പോർട്ടുകൾ കേന്ദ്ര ഗവൺമെന്റിനും ജെ.ബി.ഐ.സി.-ക്കും നൽകിവരുന്നു.

(ഡി) സംവിധാനം ഉണ്ടാക്കിയിട്ടുണ്ട്.

കേരള വാട്ടർ അതോറിറ്റിയുടെ ആസ്തി

85 [248] ശ്രീ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയുടെ ആകെ ആസ്തി എത്രയാണെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത് എത്രയാണെന്ന് വെളിപ്പെടുത്താമോ;

(സി) തിട്ടപ്പെടുത്തുന്നതിന് ഏതെങ്കിലും കൺസൾട്ടൻസികളെ ചുമതലപ്പെടുത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ ഏതെല്ലാം കൺസൾട്ടൻസികളെയാണെന്നും ഇവർക്ക് എത്ര രൂപ നൽകിയിട്ടുണ്ടെന്നും ഇനി എത്ര രൂപ നൽകാൻ ബാക്കിയുണ്ടെന്നും വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 31-3-2002-ലെ ഓഡിറ്റു കണക്കുപ്രകാരം കേരള വാട്ടർ അതോറിറ്റിയുടെ ആസ്തി 1899.54 കോടി രൂപയാണ്.

(സി) ഉണ്ട്.

(ഡി) 1-4-1984-ൽ കേരള വാട്ടർ അതോറിറ്റി രൂപീകരിച്ചപ്പോൾ പബ്ലിക്ക് ഹെൽത്ത് എഞ്ചിനീയറിംഗ് ഡിപ്പാർട്ടുമെന്റിൽ നിന്നും അതോറിറ്റിക്കു കൈമാറിയ ആസ്തികളുടെ മൂല്യം കണക്കാക്കാൻ പ്രൈസ് വാട്ടർ ഹൗസ് എന്ന സ്ഥാപനത്തെ നിയമിച്ചു. ഈ ആസ്തി കണക്കാക്കുന്നതിനുവേണ്ടി 2,08,330 കോടി രൂപ മേൽപ്പറഞ്ഞ സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. ഇനി ബാക്കി നൽകാനില്ല.

LIBRARY ARCHIVES Kerala Legislative Assembly